**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: T 6462** **31-10-2011-ൽ മറുപടിക്ക്**

## ഫ്ലാറ്റ് നിർമ്മാണ രംഗത്ത് സീലിംഗ് നിയമം

| | ചോദ്യം<br>ശ്രീ. പി.സി.ജോർജ് | | ഉത്തരം<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിൽ ഫ്ലാറ്റ് നിർമ്മാണ രംഗത്ത് കമ്പനികളുടെ നിർമ്മാണ പ്രവൃത്തികൾ നിയന്ത്രിക്കുന്നതിനായി വസ്തു സീലിംഗ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ നിയമം എന്തെന്നും അതിന്റെ ഉത്തരവ് നമ്പരുകളും വിശദമാക്കുമോ? | (എ) | കേരളത്തിൽ ഫ്ലാറ്റു നിർമ്മാണ രംഗത്ത് കമ്പനികളുടെ നിർമ്മാണ പ്രവൃത്തികൾ നിയന്ത്രിക്കുന്നതിന് വസ്തു (ഭൂമി) സീലിംഗുമായി ബന്ധപ്പെട്ട നിയമങ്ങൾ നടപ്പിലാക്കിയിട്ടില്ല. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും ഫ്ലാറ്റ് നിർമ്മാതാവിന്റെ പേരിൽ ആകാവുന്ന സ്ഥലത്തിന്റെ ഏറ്റവും കൂടിയ വിസ്തൃതി നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള 1963-ലെ കേരള ലാന്റ് റിഫോംസ് ആക്ടിനു വിധേയമായിരിക്കും. |
| (ബി) | എന്നു മുതലാണ് ഇത് പ്രാബല്യത്തിൽ വന്നത്; | (ബി) | |
| (സി) | ഫ്ലാറ്റ് നിർമ്മാതാവിന്റെ പേരിൽ എത്ര ഏക്കർ സ്ഥലം വരെ ആകാം; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) | |
| (ഡി) | കേരളത്തിൽ ഏതെങ്കിലും ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് വസ്തു സീലിംഗിന്റെ പരിധി കഴിഞ്ഞ് ഭൂമി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരൊക്കെയെന്ന് വിശദമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ആഫീസർ